30
ജൂൺ 2023
വെള്ളി
Pages- 5
Vol. 2 Issue 148

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
517

# മണിപ്പൂരിൽ നീതി നടപ്പാക്കണം: പി.ജെ ജോസഫ്



## രാജിവെയ്ക്കില്ലെന്ന് ബിരേൻ സിങ്

പേജ് 04 കാണുക



എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

**2023 ജൂൺ 30 വള്ളി**


# കാലങ്ങൾ മാറും. ചിലപ്പോൾ വളരെ പെട്ടെന്ന് മാറും

**ദൈ**വമേ നീ സംവത്സരത്തെ നിന്റെ നന്മ കൊണ്ടു അലങ്കരിക്കുന്നു; നിന്റെ പാതകൾ പുഷ്ടിപൊഴിക്കുന്നു. ഒരു വർഷത്തിന്റെ എല്ലാ കാലത്തും, ഓരോ ആഴ്ചയിലും ഓരോ ദിനവും, ഓരോ മണിക്കൂറും ഓരോ നിമിഷത്തിലും നമ്മുടെ ദൈവം നമ്മെ അനുഗ്രഹിക്കുന്നു. നാം ഉറങ്ങുമ്പോളും എഴുന്നേൽക്കുമ്പോളും തന്റെ കരുണ നമ്മെ പരിചരിക്കുന്നു. സൂര്യൻ പ്രകാശിക്കുകയില്ലായിരിക്കും പക്ഷെ നമ്മുടെ കർത്താവ് സ്നേഹത്തിന്റെ അഗ്നിത്തൂണായി നമ്മുടെ അടുത്ത് ജ്വലിക്കുന്നുണ്ട്. ഒരു നദിപോലെ തന്റെ സ്നേഹവും ദയയും നിറഞ്ഞു നമ്മിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ ഭൂമിയിലെ മനുഷ്യജീവിതങ്ങളെ പരിചരിച്ചു നിറുത്തുന്ന അന്തരീക്ഷം പോലെ ദൈവത്തിന്റെ ദയ നമ്മെ മൂടി പരിപാലിക്കുന്നു. ആ ദയയുടെ ആവരണത്തിലാണ് നാം ജീവിക്കുന്നതും ചലിക്കുന്നതും വളരുന്നതും.

ചിലദിവസങ്ങൾ സൂര്യൻ വളരെ സ്വർണ്ണ നിറത്തോടെ പ്രകാശിച്ച് പരിസരത്തെ മനോഹരമാക്കുന്നു. നദികൾ നിറഞ്ഞു ശാന്തമായി പച്ചപ്പോടെ ഒഴുകുന്ന ദിനങ്ങൾ.
വളരെ അധികം നന്മനിറഞ്ഞ കൊയ്ത്തിന്റെ ദിനങ്ങൾ ഈ സംവത്സരത്തിലുണ്ട്.
ഇത്രയും നാൾ കാത്തിരുന്ന, ആകാംഷയോടെ പ്രാർത്ഥനയോടെ കാത്തിരുന്ന ഫലങ്ങൾ ശേഖരിക്കുന്ന കാലം. നല്ല കൊയ്ത്തുണ്ടാകുകയില്ലെന്നു കരുതിയ അനേകം പ്രതികൂല കാലാവസ്ഥയ്ക്ക് സന്തോഷത്തിന്റെ അവസാനം നൽകുന്ന കൊയ്ത്തുകാലം. സ്വർഗ്ഗത്തിന്റെ മഹാമനസ്കതയെ കൈക്കുള്ളിൽ നിറയ്ക്കുന്നത് എന്ത് മനോഹരമാണ്. ഇതേ സംവത്സരത്തിൽ തന്നെയാണ് മൂടിയ കാർമേഘങ്ങളും ഇരുളടഞ്ഞ ദിനങ്ങളും ഉള്ളത്.സകലതും അവസാനിക്കുന്നു എന്ന് തോന്നുന്ന അന്ധകാരത്തിന്റെ രാത്രികൾ ഇവിടെയുണ്ട്.

ദുഃഖിച്ചവശനായി ജീവിതം എങ്ങനെയേലും അവസാനിച്ചാൽ മതിയായിരുന്നു എന്ന് പറഞ്ഞ നിമിഷങ്ങൾ. ആരുമില്ലാതെ കരയുന്ന സമയങ്ങൾ. ദൈവമേ എന്ന് അലറിക്കരഞ്ഞ ശോധനയുടെ കാലവർഷക്കാറ്റുകൾ ജീവിതനൗ കയിൽ ആഞ്ഞുവീശിയ ദിവസങ്ങൾ. ആ നാളുകളും കഴിഞ്ഞു പോകും.
സൂര്യകിരണങ്ങൾ നമ്മുടെ ജീവിതത്തിൽ വന്നടിക്കുന്ന ദിനങ്ങൾ ദൈവം ഉറപ്പു തരുന്നു. നല്ലകാലവും മോശം കാലവുമുണ്ട്. കാലങ്ങൾ മാറും. ചിലപ്പോൾ വളരെ പെട്ടെന്ന് മാറും. നാം തയ്യാറായി ഇരിക്കണം. ചിലകാലങ്ങൾ നിക്ഷേപിക്കുവാനുള്ള കാലമാണ്. ചിലത് തിരികെ പ്രാപിക്കുവാനുള്ള കാലമാണ്. ചിലകാലങ്ങളിൽ സ്വപ്നങ്ങൾ കാണുവാൻ സാധിക്കും. ചിലത് പ്രതീക്ഷയില്ലാത്ത കാലങ്ങളാണ്. വളരുന്ന കാലം, മുരടിക്കുന്ന കാലം.
ചിരിയുടെ കാലം, ദുഃഖത്തിന്റെ കാലം. കാലങ്ങൾക്കല്ല പ്രാധാന്യം. കർത്താവ് കൂടെയുണ്ടോ എന്നതാണ് പ്രധാന കാര്യം.

എല്ലാ കാലവും പ്രാർത്ഥനയുടെ കാലമാകണം. എല്ലാ സമയങ്ങളും ആശ്രയത്തിന്റെയും അനുസരണത്തിന്റെയും സമയമാകണം. വെട്ടുക്കിളികൾ ധാന്യം നശിപ്പിച്ചാലും കർത്താവിൽ ആശ്രയിക്കണം. സകലത്തിനും പകരം നൽകുവാൻ കഴിവുള്ള കർത്താവിൽ ഏതു കാലത്തിലും ആശ്രയം വയ്ക്കണം. എല്ലാകാലത്തും എല്ലാ കരങ്ങൾ കൊണ്ടും പറിച്ചെടുക്കാവുന്ന ഫലമാണ് സ്നേഹം. നമ്മുടെ ഹൃദയം ചൂടുപിടിക്കട്ടെ.ദൈവത്തിന്റെ നന്മയെ ഓർത്തു നമ്മുടെ ഹൃദയം തുടിയ്ക്കട്ടെ.തന്റെ നാമത്തെ സ്തുതിച്ചു മഹത്വപ്പെടുത്തി നമുക്ക് ആരാധിക്കാം. തന്റെ ഉദ്ദേശങ്ങളുടെ നിവൃത്തിക്കായി ദൈവ നമുക്ക് ദാനം നൽകിയ നന്മകളെ അർപ്പിച്ചു കൊണ്ട് നമുക്കാരാധിക്കാം.ദൈവ നമുക്ക് നൽകിയതെല്ലാം തിരികെ നൽകുന്നതാണ് നന്ദിയുള്ള ഹൃദയത്തിന്റെ തെളിവ്.എല്ലാ ശേഖരിച്ചു വയ്ക്കുന്നതിലല്ല, അതെല്ലാം ഔദാര്യമായി നൽകുന്നതിലാണ് സന്തോഷം വസിക്കുന്നത്.
.



ബ്ലസ്സൻ ചെറിയാൻ,
കാനഡ

## പി വൈ പി എ പത്തനംതിട്ട സെന്റർ പ്രവർത്തന ഉത്ഘാടനവും മെറിറ്റ് അവാർഡ് ദാനവും




പത്തനംതിട്ട:പി വൈ പി എ പത്തനംതിട്ട സെന്റർ പ്രവർത്തന ഉത്ഘാടനവും മെറിറ്റ് അവാർഡ് ദാനവും നടന്നു.പി വൈ പി എ സെന്റർ പ്രസിഡന്റ് മനുസ്കറിയ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി സന്ദീപ് വിളമ്പുകണ്ടം ഉത്ഘാടനം നിർവ്വഹിച്ചു.പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യപ്രഭാഷണം നടത്തി.

ലിബറൽ ആധുനികതയുടെയും സ്വതന്ത്ര ചിന്തയുടെയും സ്വാധീനം ക്രൈസ്തവ യുവാക്കളിൽ ഗണ്യമായി വർദ്ധിക്കുന്നു എന്നും ചെറുപ്പക്കാരെ തന്ത്രപരമായി കുടുക്കുന്ന ചതിക്കുഴികളിൽപ്പെട്ട് ജീവിതം നശിപ്പിക്കരുതെന്നും മുഖ്യപ്രഭാഷണത്തിൽ പ്രസ്താവിച്ചു. ഏറ്റവും മോശപ്പെട്ട കാലത്തിലൂടെയാണ് സഭ കടന്നുപോകുന്നതെന്നും സഭാ നേതൃത്വം കൂടുതൽ ജാഗ്രത പുലർത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എസ്എസ്എൽസി പരീക്ഷയിൽ മികച്ച വിജയം നേടിയ പ്രതിഭകൾക്ക് മെറിറ്റ് അവാർഡ് വിതരണം ചെയ്തു.പാസ്റ്റർ മോൻസി സാം, പാസ്റ്റർ ജോസ് സാമുവേൽ, പാസ്റ്റർ തോമസ് വർഗീസ്, പാസ്റ്റർ പി പി മാത്യൂ, പാസ്റ്റർ ബിജു കൊന്നപ്പാറ, ജോസി പ്ലാന്താനത്ത്, സാം കെ വിൽസൺ,അലെൻ ഏബ്രഹാം, ജോൺ ഡാനിയേൽ, ജെയിൻ ജയിംസ്, ബിജോയ് ബാബു എന്നിവർ പങ്കെടുത്തു.

## ഇറ്റാനഗർ രൂപതയുടെ നിയുക്ത മെത്രാനായി മലയാളിയായ ഫാ. ബെന്നി വർഗീസ്



ബംഗളൂരു: അരുണാചൽ പ്രദേശിലെ ഇറ്റാനഗർ രൂപതയുടെ ദ്വിതീയമെത്രാനായി മലയാളിയായ ഫാ. ബെന്നി വർഗീസ് ഇടത്തട്ടേലിനെ (53) ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. നാഗാലാൻഡിലെ കോഹിമ രൂപതയ്ക്കുവേണ്ടി ശുശ്രൂഷ ചെയ്തുവരികെയാണ് കോതമംഗലം രൂപതാംഗമായ ഫാ. ബെന്നി വർഗീസിന് പുതിയ ദൗത്യം ലഭിച്ചിരിക്കുന്നത്. എംഎ, ബിഎഡ് ബിരുദധാരിയായ അദ്ദേഹം ദിമാപൂരിലെ സലേഷ്യൻ കോളേജിൽ തത്ത്വചിന്തയും ഷില്ലോങ്ങിലെ ഓറിയൻസ് തിയോളജിക്കൽ കോളേജിൽ ദൈവശാസ്ത്രവും പഠിച്ചു. 1999 ഏപ്രിൽ 19ന് വൈദികനായി അഭിഷിക്തനായി. നിലവിലെ ഇറ്റാനഗർ ബിഷപ്പ് ഡോ. ജോൺ തോമസ് കാട്ടറുകുടിയിൽ നൽകിയ രാജി ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചതോടെയാണു പുതിയ നിയമനം. മനിലയിലെ ഈസ്റ്റ് ഏഷ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിരിന്നു. നോർത്ത് ഈസ്റ്റേൺ റീജണൽ ബിഷപ്സ് കൗൺസിലിന്റെ മതബോധന കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറിയായും ദിമാപുരിലെ ചുമുകെദിമയിൽ കോഹിമ രൂപത പാസ്റ്ററൽ സെന്റർ ഡയറക്ടറായും പ്രവർത്തിച്ചുവരവെയാണ് ഫാ. ബെന്നിയെ തേടി പുതിയ നിയോഗം എത്തുന്നത്.

## എ. ജി. ദക്ഷിണ മേഖല: അനുമോദന സമ്മേളനം ജൂലൈ 2ന്

തിരുവനന്തപുരം: അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണ മേഖലയിലെ സണ്ടേസ്കൂൾ വിദ്യാർത്ഥികളിൽ നിന്നും 2022 -2023 അദ്ധ്യയന വർഷത്തിൽ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+/ A1 നേടിയ വിദ്യാർത്ഥികളെ ജൂലൈ 2 ഞായറാഴ്ച വൈകുന്നേരം 3.30 ന് കടുക്കാമൂട്, എ. ജി. ദക്ഷിണ മേഖല ഓഫീസിൽ വച്ച് അനുമോദിക്കുന്നു. എ. ജി. മലയാളം ഡിസ്ട്രിക്ട് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് മുഖ്യാതിഥിയായിരിക്കും. പാസ്റ്റർ പി. കെ. ജോസ് (എ. ജി. മലയാളം ഡിസ്ട്രിക്ട് ട്രഷറർ) ആശംസ അറിയിക്കും. ദക്ഷിണ മേഖല ഡയറക്ടർ പാസ്റ്റർ പി. കെ. യേശുദാസ് നേതൃത്വം നൽകും.

## വാഹനങ്ങളുടെ പുതുക്കിയ വേഗപരിധി നാളെ മുതൽ

തിരുവനന്തപുരം: വാഹനങ്ങളുടെ പുതുക്കിയ വേഗപരിധി നാളെ മുതൽ പ്രാബല്യത്തിലാക്കി വിജ്ഞാപനം പുറപ്പെടുവിച്ചു. ദേശീയ വിജ്ഞാപനത്തിനനുസൃതമായി പുതുക്കിയ വേഗപരിധി അനുസരിച്ച് 9 സീറ്റ് വരെയുള്ള യാത്രാവാഹനങ്ങൾക്ക് 6 വരി ദേശീയ പാതയിൽ 110 കിലോമീറ്റർ, 4 വരി ദേശീയ പാതയിൽ 100, മറ്റ് ദേശീയപാത, 4 വരി സംസ്ഥാന പാത എന്നിവയിൽ 90 കിലോമീറ്റർ, മറ്റ് സംസ്ഥാനപാതകളിലും പ്രധാന ജില്ലാ റോഡുകളിലും 80, മറ്റു റോഡുകളിൽ 70, നഗര റോഡുകളിൽ 50 കിലോമീറ്റർ എന്നിങ്ങനെയാണ് അനുവദനീയ വേഗപരിധി.
ഒമ്പത് സീറ്റിനു മുകളിലുള്ള ലൈറ്റ്മീഡിയം ഹെവി യാത്ര വാഹനങ്ങൾക്ക് 6 വരി ദേശീയ പാതയിൽ 95 കിലോമീറ്റർ, 4 വരി ദേശീയ പാതയിൽ 90, മറ്റ് ദേശീയപാതകളിൽ 85, 4 വരി സംസ്ഥാന പാതയിൽ 80 കിലോമീറ്റർ, മറ്റ് സംസ്ഥാനപാതകളിലും പ്രധാന ജില്ലാ റോഡുകളിലും 70, മറ്റു റോഡുകളിൽ 60, നഗര റോഡുകളിൽ 50 കിലോമീറ്റർ എന്നിങ്ങനെയാണ് പരമാവധി വേഗം അനുവദിച്ചിട്ടുള്ളത്.

Editorial board

**Chief Editor:** Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com



## ആധാർ പാൻ കാർഡ് ലിങ്കിങ് ഇന്ന് കൂടി; ചെയ്തില്ലെങ്കിൽ പാൻ കാർഡ് പ്രവർത്തന രഹിതമാകും

ന്യൂഡൽഹി:ആധാർ കാർഡും പാൻ കാർഡും ബന്ധിപ്പിക്കുന്നതിന് 1000 രൂപ പിഴയോടെ അനുവദിച്ച സമയപരിധി ഇന്ന് അവസാനിക്കും. എല്ലാ നികുതിദായകരും ജൂലൈ ഒന്നിന് മുൻപ് ആധാറും പാനും ബന്ധിപ്പിക്കണമെന്നാണ് ആദായനികുതി വകുപ്പിന്റെ നിർദേശം. അല്ലാത്തപക്ഷം പാൻ പ്രവർത്തനരഹിതമാകും. പാൻ കെവൈസി മാനദണ്ഡമായതിനാൽ ബാങ്കുകളിലെയും മറ്റുമുള്ള സാമ്പത്തിക ഇടപാടുകൾ തടസ്സപ്പെടും . ഇടപാടുകൾ തുടരുന്നതിന് നിക്ഷേപകരോട് ആധാറും പാനും തമ്മിൽ ബന്ധിപ്പിക്കണമെന്ന് സെബി (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) നിർദ്ദേശിച്ചിട്ടുണ്ട്. പാൻ ആധാറുമായി ബന്ധിപ്പിക്കുന്നതിന് നിലവിൽ 1000 രൂപയാണ് പിഴ. 2023 മാർച്ച് 31 ആയിരുന്നു ആദ്യത്തെ സമയപരിധിയെങ്കിലും പിന്നീട് അത് ജൂൺ 30 വരെ നീട്ടുകയായിരുന്നു. സാമ്പത്തിക ഇടപാടുകൾക്ക് ആവശ്യമായ പ്രധാന രേഖയായ പാൻ പ്രവർത്തനരഹിതമായാൽ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്ന സമയത്ത് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നേക്കാം.




ഒരു വ്യക്തിക്ക് തന്നെ ഒന്നിലധികം പാൻ നമ്പറുകൾ അനുവദിക്കുന്നതും, ഒന്നിലധികം ആളുകൾക്ക് ഒരേ പാൻ നമ്പർ അനുവദിക്കുന്നതുമൊക്കെ റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് ആദായ നികുതി വകുപ്പ് ഇങ്ങനെയൊരു നിർദേശം മുന്നോട്ട് വെച്ചത്

2022 മാർച്ചിൽ സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് (CBDT) പുറപ്പെടുവിച്ച ഉത്തരവിൽ 2017 ജൂലൈ 1 ന് പാൻ അനുവദിച്ചിട്ടുള്ള ഓരോ വ്യക്തിയും ആധാർ ബന്ധിപ്പിക്കേണ്ടതാണ്. എൺപത് വയസും അതിൽ കൂടുതലുമുള്ള വ്യക്തികൾ, ആദായനികുതി നിയമപ്രകാരം പ്രവാസി, ഇന്ത്യൻ പൗരനല്ലാത്തയാൾ എന്നിവർക്ക് ആധാർ പാനുമായി ബന്ധിപ്പിക്കേണ്ടതില്ല.

ആധാർ പാനുമായി ബന്ധിപ്പിച്ചില്ലെങ്കിൽ പാൻ പ്രവർത്തന രഹിതമാകും. ഇതോടൊപ്പം ആദായ നികുതി നിയമപ്രകാരമുള്ള നടപടികൾ നേരിടേണ്ടിയും വരും. പാൻ പ്രവർത്തന രഹിതമായാൽ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യാൻ കഴിയില്ല. അത്തരം റിട്ടേണുകൾ ആദായനികുതി വകുപ്പ് സ്വീകരിക്കില്ല.

## പത്രോസിനെയും പൗലോസിനെയും പോലെ ക്രിസ്തുവിനെ ലോകത്തോട് പ്രഘോഷിക്കണം: ആഹ്വാനവുമായി പാപ്പ

വത്തിക്കാൻ: അപ്പസ്തോല പ്രമുഖരായ പത്രോസിനെയും പൗലോസിനെയും പോലെ ക്രിസ്തുവിനെ പിന്തുടരാനും അവനെക്കുറിച്ച് ലോകത്തോട് പ്രഘോഷിക്കുവാനും ആഹ്വാനവുമായി ഫ്രാൻസിസ് പാപ്പ. ഇന്നലെ ജൂൺ 29 നു  വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ ആരാധന മധ്യേ സന്ദേശം നൽകുകയായിരിന്നു പാപ്പ. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ ജീവിക്കുകയും സഭയുടെ നേടും തൂണുകളായി നിലനിൽക്കുകയും ചെയ്യുന്ന രണ്ട് അപ്പസ്തോലന്മാരാണ് പത്രോസും പൗലോസുമെന്ന് പാപ്പ കൂട്ടിച്ചേർത്തു.

## മണിപ്പൂർ കലാപം : മൗന ജാഥ നടത്തി റാന്നി മാർത്തോമ്മാ യുവജനസഖ്യം




റാന്നി: മണിപ്പൂരിൽ പീഡനം അനുഭവിക്കുന്ന ജനതയ്ക്ക് ഐക്യദാർഢ്യം അറിയിച്ചുകൊണ്ട് റാന്നി A സെന്റർ മാർത്തോമ്മാ യുവജനസഖ്യം മൗന ജാഥ നടത്തി. റൈറ്റ് റവ. തോമസ് മാർ തിമതിയോസ് തിരുമേനി ജാഥ ഉദ്ഘാടനം ചെയ്തു.  അമ്പതോളം യുവജനങ്ങളും, പതിനഞ്ചോളം പട്ടക്കാരും ജാഥയിൽ പങ്കെടുത്തു.

## നിറവ് 2K23: ഒമ്പത് മണിക്കൂർ യൂത്ത് പവർ കോൺഫെറൻസ് ജൂലൈ 1നു തിരുവനന്തപുരത്ത്

കുമ്പനാട്: കേരള സ്റ്റേറ്റ് പി.വൈ.പി.എ യുടെ ആഭിമുഖ്യത്തിൽ ഓരോ മേഖലകളിലും നടത്തിവരുന്ന യൂത്ത് പവർ കോൺഫെറൻസ് 'നിറവ് 2K23' പി.വൈ.പി.എ തിരുവനന്തപുരം മേഖലയുടെ സഹകരണത്തോടെ ജൂലൈ 1 നാളെ നാലാഞ്ചിറ ഐപിസി ജയോത്സവം വർഷിപ്പ് സെന്ററിൽ നടക്കും. പാസ്റ്റർമാരായ കെ.സി തോമസ്, ഡാനിയേൽ കൊന്നനിൽക്കുന്നതിൽ, വി.പി.ഫിലിപ്പ്, അനീഷ് തോമസ്, ഷോൺ എബ്രഹാം, ലോഡ്സൺ ആന്റണി എന്നിവർ ശുശ്രൂഷകൾ നയിക്കും. പാസ്റ്റർ ടൈറ്റസ് തോമസ്, എബ്ബെസ് ജോയ്, ഡാനിയേൽ തോമസ് എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

## കുറുപ്പംപടി ഷാലോം ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഉപവാസ പ്രാർത്ഥന

കുറുപ്പംപടി : കുറുപ്പംപടി ഷാലോം ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഉപവാസത്തിന്റെയും, പ്രാർത്ഥനയുടെയും മൂന്ന് ദിനങ്ങൾ . 2023 ജൂൺ 30, ജൂലൈ 1, 2 തിയതികളിൽ രാവിലെ 10.30 മുതൽ രാത്രി 9 മണി വരെ . പാസ്റ്റർ ലിബിൻ കാക്കനാട്, പാസ്റ്റർ ബാലാജി ആചാര്യ എന്നിവർ വചനം ശുശ്രൂഷിക്കുന്നു. പാസ്റ്റർ സജി മോൻ സി.ഡി ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.




ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

**വധുവിനെ ആവശ്യമുണ്ട്**

Remarriage,Born Again Syrian Christian
Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

## അദ്ധ്യാപകർ ഇനി മുതൽ ജീൻസും ടീ ഷർട്ടും ധരിച്ച് സ്കൂളിലെത്താൻ പാടില്ല; ബീഹാർ വിദ്യാഭ്യാസ വകുപ്പ്

പട്ന: അദ്ധ്യാപകർ ജോലി സ്ഥലത്ത് ജീൻസും ടീ ഷർട്ടും ധരിക്കാൻ പാടില്ലെന്ന നിർദേശം പുറത്തുവിട്ട് ബീഹാർ വിദ്യാഭ്യാസ വകുപ്പ്. ഇനി മുതൽ ഫോർമൽ വേഷങ്ങൾ മാത്രമേ ധരിക്കാവൂ എന്നാണ് വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. ഔദ്യോഗിക സ്വഭാവത്തിന് അനുയോജ്യമല്ലാത്ത വസ്ത്രങ്ങൾ ധരിച്ച് അദ്ധ്യാപകർ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിന് പിന്നാലെയാണ് നടപടിയെന്നും കഴിഞ്ഞ ദിവസം പുറത്തിറങ്ങിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് മാതൃകയാവേണ്ട അദ്ധ്യാപകരുടെ വസ്ത്രവും അത്തരത്തിൽ ആകണമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് തീരുമാനം. വിദ്യാഭ്യാസ മന്ത്രി രനോജ് പെഗു ആണ് ഇക്കാര്യം ട്വിറ്ററിലൂടെ അറിയിച്ചത്. പൊതുജനങ്ങൾക്ക് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ വസ്ത്രം ധരിക്കുന്നത് ചില അദ്ധ്യാപകർ ശീലമാക്കിയതിന് പിന്നാലെയാണ് തീരുമാനമെന്ന് ഉത്തരവ് വ്യക്തമാക്കിയിരുന്നത് വലിയ ചർച്ചകൾക്ക് കാരണമായിരുന്നു. ഉത്തർ പ്രദേശ്, ഹരിയാന, മഹാരാഷ്ട്ര അടക്കമുള്ള സംസ്ഥാനങ്ങളിലും സർക്കാരുകൾ സമാന നടപടി സ്വീകരിച്ചിരുന്നു.

2019ൽ സെക്രട്ടറിയേറ്റിൽ ടീ ഷർട്ടും ജീൻസും ധരിക്കുന്നത് ബീഹാർ വിലക്കിയിരുന്നു. ഓഫീസ് മര്യാദകൾ പാലിക്കാൻ റാങ്ക് വ്യത്യാസമില്ലാതെ എല്ലാവരും ബാധ്യസ്ഥരാണ് എന്നും അന്നത്തെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഈ വർഷം ഏപ്രിലിലും ബീഹാറിലെ സാരൻ ജില്ലയിലെ ജില്ലാ മജിസ്ട്രേറ്റ് എല്ലാ സർക്കാർ ജീവനക്കാരെയും ജീൻസും ടീ ഷർട്ടും ജോലി സമയത്ത് ധരിക്കുന്നതിൽ നിന്ന് വിലക്കിയിരുന്നു. ഓഫീസുകളിൽ നിർബന്ധമായും ഐഡി കാർഡ് ധരിക്കണമെന്നും ജില്ലാ മജിസ്ട്രേറ്റ് വ്യക്തമാക്കിയിരുന്നു.

# മണിപ്പൂരിൽ നീതി നടപ്പാക്കണം: പി.ജെ ജോസഫ്

കോട്ടയം: മണിപ്പൂരിൽ നടക്കുന്ന വർഗ്ഗീയ കലാപം അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ പക്ഷപാത നിലപാട് അവസാനിപ്പിച്ച് നിഷ്പക്ഷ നീതി നടപ്പാക്കാൻ തയ്യാറാവണമെന്ന് കേരള കോൺഗ്രസ് ചെയർമാൻ പി ജെ ജോസഫ് എംഎൽഎ ആവശ്യപ്പെട്ടു. എല്ലാ സാമുദായിക നേതാക്കളും രാഷ്ട്രീയ നേതാക്കളും രാജ്യത്തിൻറെ ഐക്യവും അഖണ്ഡതയും കാത്തു സംരക്ഷിക്കുവാനും ജനാധിപത്യം നിലനിർത്തുവാനും ഏകോദര സഹോദരങ്ങളെ പോലെ കൈകോർത്ത് നീങ്ങണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മണിപ്പൂരിൽ നടക്കുന്ന നരവേട്ടയും, ന്യൂനപക്ഷ പീഡനവും, ആരാധന നിഷേധവും അവസാനിപ്പിക്കണെമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള കോൺഗ്രസ് കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം പ്രസ് ക്ലബ്ബിൽ നടന്ന ഐക്യദാർഢ്യ സദസ്സ് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.



## സംസ്ഥാനത്ത് തിങ്കാളാഴ്ച വരെ ശക്തമായ മഴ; നാല് ജില്ലകളിൽ യെല്ലോ അലർട്ട്



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് വ്യാപക മഴ. തിങ്കാളാഴ്ച വരെ കേരളത്തിൽ മഴ ശക്തമായി തുടരാൻ സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് നാല് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് മഴ മുന്നറിയിപ്പ്.

ഞായറാഴ്ച തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. തിങ്കാളാഴ്ച മഴ കൂടുതൽ ശക്തിപ്പെടാൻ സാധ്യതയുണ്ട്. തിരുവനന്തപുരവും കൊല്ലവും ഒഴികെ 12 ജില്ലകൾക്കും അന്ന് മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തീരപ്രദേശത്ത് മത്സ്യബന്ധനത്തിനുള്ള വിലക്ക് തുടരും.

## രാജിവെയ്ക്കില്ലെന്ന് വ്യക്തമാക്കി മണിപ്പൂർ മുഖ്യമന്ത്രി ബിരേൻ സിങ്



ഇംഫാൽ : രാജിവെയ്ക്കില്ലെന്ന് വ്യക്തമാക്കി മണിപ്പൂർ മുഖ്യമന്ത്രി ബിരേൻ സിങ്. ട്വിറ്ററിലൂടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഇന്ന് ഗവർണറെ കണ്ട് രാജി സമർപ്പിക്കുമെന്ന് ബിരേൻ സിങ് അറിയിച്ചിരുന്നു. എന്നാൽ ഉച്ചയോടെ ഗവർണറെ കാണാനായി പുറപ്പെട്ട ബീരേൻ സിങിനെ അണികൾ തടഞ്ഞു. തുടർന്ന് നാടകീയ രംഗങ്ങളായിരുന്നു ഇംഫാലിൽ അരങ്ങേറിയത്. ഇതിന് പിന്നാലെയാണ് താൻ രാജിവെയ്ക്കില്ലെന്നും മണിപ്പൂരിന്റെ മുഖ്യമന്ത്രിയായി തുടരുമെന്നു ബിരേൻ സിങ് വ്യക്തമാക്കിയത്. സിങ്ങിന്റെ വസതിക്ക് സമീപം നൂറുകണക്കിന് സ്ത്രീകൾ തടിച്ചുകൂടുകയും രാജിവയ്ക്കരുതെന്ന് ആവശ്യപ്പെട്ട് മനുഷ്യച്ചങ്ങല തീർക്കുകയും ചെയ്തു. ഇതിനിടെ, മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയേക്കുമെന്നുള്ള റിപ്പോർട്ടുകളും പുറത്തുവന്നു.

## അയോഗ്യമായ പടച്ചട്ട ധരിച്ച പടനായകന്മാർ!



ജീമോൻ മേക്കാട്ട്

ഉത്തരവാദിത്വം ഏറ്റെടുത്തവൻ മുന്നിൽ വരുന്ന പ്രശ്നം നീതിപൂർവം നേരിടേണം. അതിന്റ ആദ്യപടി ധൃഡനിശ്ചയമുള്ള സ്വന്തം നിലപാടാണ്. പിന്നിൽ ഒരു സമൂഹത്തെ ഉന്മൂലനം ചെയ്യുക എന്ന മനോഭാവത്തിൽ നിൽക്കുന്ന ഗോല്യാത്താണെങ്കിലും ദാവീദിനു ഏറ്റെടുത്ത ഉത്തരവാദിത്വം മാത്രമാണ് മുന്നിൽ. ചുറ്റുമുള്ളവർക്ക് ഫെലിസ്ത്യ മല്ലനായ ഗോല്യാത്തിന്റെ വലിപ്പവും, പൊക്കവും എതിരിട്ടവരെ പരാജയപ്പെടുത്തിയ വീര ചരിത്രവും നിറംചേർത്ത് പറയുവാനുണ്ടാകും. ഈ മല്ലനെ നേരിടാൻ പടച്ചട്ടയും വാളും പരിചയും ഒക്കെ അണിയേണ്ടിവരും എന്ന സ്നേഹിതരുടെ സ്നേഹ വാക്കുകൾക്കുമുൻമ്പിലും, തനിക്ക് ഇതിനു ശീലമില്ല, ശീലിക്കാത്തത് ധരിച്ചുകൊണ്ട് നടക്കാൻ കഴിയില്ല എന്ന സ്വന്തം നിലപാടിൽ ഉറച്ചു നിന്നവനാണ് ദാവീദ്.

മാത്രമല്ല, പോർമുഖത്താണങ്കിലും തന്റെ പക്കലുള്ള ആയുധത്തിലും അവനു പരിപൂർണ വിശ്വാസം ഉണ്ടായിരുന്നു. കേവലം കവിണ മാത്രമാണ് തന്റെ പക്കലെന്നോ മിനുസ്സമുള്ള കല്ലുകളില്ലന്നോ തന്റെ ലക്ഷ്യം പിഴച്ചാലോ എന്ന ചുറ്റും നിൽക്കുന്നവരുടെ നിരാശപ്പെടുത്തുന്ന വാക്കുകൾ ഒന്നുതന്നെ ദാവീദിനെ ഭരിച്ചിട്ടില്ല.

മുന്നിൽ നിന്ന് നയിക്കാൻ മുന്നിട്ട് ഇറങ്ങിയ ദാവീദ്, ഗോല്യാത്തിന്റെ വലിപ്പമോ, ആൾബലമോ, ധനത്തിന്റെ വലിപ്പമോ കണ്ടു ഭ്രമിച്ചില്ല.

ഏറ്റെടുത്ത ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുപിന്മാറാൻ ദാവീദിനു കാരണങ്ങൾ നിരത്താൻ ഏറെയുണ്ടായിരുന്നു .

തന്റെ സമൂഹത്തിനുവേണ്ടിയുള്ള ഉത്തരവാദിത്വം ഏറ്റെടുത്തെങ്കിൽ ഏറ്റെടുത്ത ഉത്തരവാദിത്വത്തോട് നീതി പുലർത്തുകയും തന്റേടത്തോടെ സ്വന്തം നിലപാട് വെളിപ്പെടുത്തുകയും ചെയ്യുക എന്നതാണ് മുന്നിട്ടുറങ്ങിയവൻ ആദ്യം ചെയ്യേണ്ടതെന്നു ദാവീദു വെളിപ്പെടുത്തികാണിച്ചു തന്നു!.


ദാവീദിനു ലക്ഷ്യം തന്റെ സമൂഹത്തിനു ഭീഷണിയായ ഗോല്യാത്തിൽ നിന്നും തന്റെ സമൂഹത്തെ രക്ഷിക്കുക എന്നതുമാത്രമാണ്.

ഈ കാലഘട്ടത്തിൽ ലക്ഷ്യബോധം നഷ്ട്ടപ്പെട്ട പല നേതൃത്വങ്ങളും ചുറ്റുപാടുകളുടെ സമ്മർദ്ധത്തിനു വഴങ്ങി തങ്ങളുടെ സഭകളെയും സമൂഹത്തെയും അധപതനത്തിലേക്ക് കൂപ്പുക്കുത്തിക്കുന്നവരായിതീർന്നു .

ശീലമില്ലാത്തതും തനിക്കുചേരാത്തതുമായ പടച്ചട്ട അണിഞ്ഞുകൊണ്ട് താനും പടനായകനെന്നു സമൂഹത്തെ ധരിപ്പിക്കാൻ നന്നേ പാടുപെടുന്നവരായി തീർന്നിരിക്കുന്നു ഇന്നത്തെ ആത്മീയലോകവും ആത്മീയ നായകരും .

ഒരു ആത്മീയന് പിശാചിനോട് പോരാടുന്നതിനായി സർവ്വായുധവർഗ്ഗം ധരിക്കേണ്ടുന്നതിന്റെ ആവശ്യം വിശുദ്ധ പൗലോസ്സ് വചനത്തിൽ വിസ്തരിച്ചു പ്രബോധിപ്പിക്കുന്നത് കാണുക. (എഫെസിയർ 6:14)

'ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ' നിങ്ങൾ അരെക്കു സത്യം കെട്ടിയും നീതി എന്ന കവ



ചം ധരിച്ചും സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും എല്ലാററിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ. സ്വാർത്ഥ താൽപ്പര്യത്തിനായി സത്യത്തെ മൂടിവെച്ചും അനീതികളെ അനുകൂലിച്ചും, സുവിശേശീകരണ മാധ്യമങ്ങളിൽ എല്ലാം നടന്നു അസ്സമാധാനമുളവാക്കി സുവിശേഷീകരണത്തിന്റെ വാതിലടച്ചും, ദൈവമാണ് എന്നെ വിളിച്ചത് എന്ന വിശ്വാസം പോലും നഷ്ടപ്പെടുത്തി കേവലം നാമമാത്രമായ പടയാളികളായി മാറിയ മുൻ നിര നേതൃത്വങ്ങൾ,

ദൈവ വചനം എന്ന വാൾ സഹഭടനെ തലങ്ങും വിലങ്ങും വെട്ടിമുറിപ്പെടുത്താൻ മാത്രം ഉപയോഗിച്ചതിനാൽ ഈ നാളുകളിൽ പടച്ചേർത്തവനെ പ്രസ്സാദിപ്പിക്കുവാൻ കഴിയാത്തവരായി തീർന്നുകൊണ്ടിരിക്കുന്നു . ഇങ്ങനെയുള്ളവർ തോളിലെ സഞ്ചിയും സഞ്ചിക്കുള്ളിലെ കല്ലും കൈയ്യിലെ കവിണയും കാട്ടി ആത്മീയലോകത്തു താനും ഗോല്ല്യാത്തിന്റെ ശക്തിയെ തകർക്കാൻ കൃപാവര പ്രാപ്തൻ എന്ന് പറഞ്ഞു ദൈവജനത്തെ ചൂഷണം ചെയ്തു അരങ്ങുവാഴുന്നു.

വിശുദ്ധ പൗലോസ് നിരത്തികാണിച്ച സർവ്വയുധവർഗ്ഗം ധരിക്കാൻ മനസ്സുകാണിക്കാതെ, ഈ കാലഘട്ടത്തിൽ വ്യാജ പടനായകരായി മുന്നിൽ നിൽക്കുന്നതിനാൽ ദൈവജനങ്ങൾ ലോകക്കാരാൽ പീഡിപ്പിക്കപെടുന്നു. പ്രാണത്യാഗം ചെയ്യേണ്ടിവരുന്നു. സുവിശേഷ വയലിൽ നമ്മളാൽ ഹാബേലുമാർ കുലചെയ്യപ്പെടുന്നു.

ചിന്തിക്കുക!!!, യോഗൃത ഇല്ലാത്തതും ശീ ലമില്ലാത്തതുമായ പടച്ചട്ട അണിഞ്ഞു മുൻ പോരാളികൾ എന്ന പേര് മാത്രമോ? എങ്കിൽ ശത്രു നമ്മേയും ജനത്തെയും നശിപ്പിക്കും.

പടച്ചേർത്തവനെ പ്രസ്സാദിപ്പിക്കുവാൻ വചനാടിസ്ഥാനത്തിൽ നിന്നുകൊണ്ട് സർവ്വായുധ വർഗ്ഗം ധരിച്ചു മുൻനിര പോരാളികൾ ആകാം.!!

ഗോല്യാത്തുമാർ നമ്മുടെ മുന്നിൽ വീഴും! ജനത്തിന്റെ ആർപ്പിന്റെ ഘോഷം കേൾക്കും!!

CNL7 MEDIA
Vol. 2 Issue 148
CHRISTIANLIVE DAILY
30
Friday
Pages 5
517

